പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2094 **26-10-2026-ൽ മറുപടിയ്ക്ക്**

നെല്ല് സംഭരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സപ്ലൈകോയിലൂടെയും മറ്റ് സർക്കാർ സംവിധാനങ്ങളിലൂടെയും സംഭരിക്കപ്പെട്ട നെല്ലിന് 2026 മാർച്ച് 31 ലെ സ്ഥിതിവിവര കണക്ക് പ്രകാരം കർഷകർക്ക് നൽകാൻ ഉണ്ടായിരുന്ന തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

മറുപടി: 2025-26 സാമ്പത്തിക വർഷം 2026 മാർച്ച് 31-ലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം നെല്ല് സംഭരണ വിലയിനത്തിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന തുക 269 കോടി രൂപയായിരുന്നു. പ്രസ്തുത തുക വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) പാഡി രസീത് ഷീറ്റ് ലഭ്യമാക്കിയിട്ടും ബാങ്കുകൾക്ക് സപ്ലൈകോ പണം നൽകാത്തതിനാൽ കർഷകർക്ക് നെല്ലിന്റെ വില കിട്ടാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ;

മറുപടി: സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കാലതാമസമില്ലാതെ നൽകി വരുന്നു. ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള പി.ആർ.എസ്.വായ്പ വഴിയാണ് നിലവിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്യുന്നത്.

(സി) നിലവിൽ സംസ്ഥാനത്ത് നെല്ലിന്റെ സംഭരണ വില എത്രയാണെന്ന് അറിയിക്കാമോ?

മറുപടി: നിലവിൽ നെല്ലിന്റെ സംഭരണ വില 30.12 രൂപയാണ്. ഈ വർഷത്തെ സംഭരണ വില ഉടൻ പ്രഖ്യാപിക്കും.

സെക്ഷൻ ഓഫീസർ